LIBRARY ARCHIVES Kerala Legislative Assembly

റേഷൻ കാർഡ് പുതുക്കൽ

208 (1252) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡ് പുതുക്കുന്ന പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) പുതിയ കാർഡ് ഗുണഭോക്താക്കൾക്ക് എപ്പോൾ കൊടുക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ;

(സി) ബി.പി.എൽ. മാനദണ്ഡങ്ങൾ പാലിക്കുന്ന നിലവിലെ എ.പി.എൽ. കാർഡുകൾ ബി.പി.എൽ. ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

ഉത്തരം

(എ) കാർഡുടമകളിൽനിന്നും പൂരിപ്പിച്ച അപേക്ഷാഫാറങ്ങൾ പ്രത്യേകം സംഘടിപ്പിക്കുന്ന ക്യാമ്പുകളിലൂടെ സ്വീകരിച്ച് കാർഡുടമയുടെ ഫോട്ടോ എടുക്കുന്ന നടപടികളാണ് നടന്നുവരുന്നത്.

(ബി) 1-7-2015 മുതൽ പുതിയ കാർഡുകൾ നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കാർഡുടമകൾ പൂരിപ്പിച്ച് നൽകുന്ന കാർഡ് പുതുക്കലിന്റെ അപേക്ഷാഫാറത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തി റാങ്കിംഗ് നടത്തി കരട് പട്ടിക പൊതുജനങ്ങൾക്കായി പ്രസിദ്ധപ്പെടുത്തി, ആക്ഷേപങ്ങളും പരാതികളും സ്വീകരിച്ച് പരിഹരിച്ചശേഷം ഗ്രാമ/വാർഡ് സഭകളുടെ അനുമതിയുടെ അടിസ്ഥാനത്തിൽ അർഹതയുള്ള എല്ലാപേർക്കും മുൻഗണനാ കാർഡുകൾ (ബി.പി.എൽ.) നൽകുന്നതാണ്.

കൊല്ലം ജില്ലയിലെ റേഷൻ കാർഡുകൾ

209 (1253) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ വിവിധ താലൂക്ക് സപ്ലൈ ഓഫീസുകളുടെ പരിധിയിൽ നിലവിൽ ആകെ എത്ര റേഷൻകാർഡുകളാണ് ഉള്ളത് ;